

# നമ്മുടെ 'കേരള' ചിക്കൻ



**എസ്. ഹരികിഷോർ ഐ എ എസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

ഹോർമോൺ ഫീഡ് നൽകാത്ത, വിശ്വസിച്ച് കഴിക്കാനാകുന്ന ബ്രോയിലർ ചിക്കൻ ഉത്പാദിപ്പിക്കുന്നതിനുള്ള ചുമതല കേരളത്തിന് വേണ്ടി കുടുംബശ്രീ ഏറ്റെടുക്കുന്നു. ഈ ബൃഹത് പദ്ധതിയാണ് 'കേരള ചിക്കൻ'. കേരളത്തിലെ ആഭ്യന്തര ഉത്പാദനം ഉയർത്തുന്നത് കൂടാതെ അനേകം പേർക്ക് വരുമാന മാർഗ്ഗം നൽകാനും 'കേരള ചിക്കനി'ലൂടെ സാധിക്കുമെന്ന് ഞങ്ങൾ കരുതുന്നു.

ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെയാണ് കേരള ചിക്കൻ പദ്ധതി വഴി കർഷകർക്ക് നൽകുന്നത്. 1000 മുതൽ 3000 വരെ കോഴിക്കുഞ്ഞുങ്ങളെ ഫാമിലെ സൗകര്യം അനുസരിച്ച് ഇങ്ങനെ ഒറ്റത്തവണയായി നൽകും. 42 ദിവസം വളർത്തുന്നതോടെ ബ്രോയിലർ കോഴികൾക്ക് 2 കിലോയിലധികം ഭാരം വരും. അതിനുശേഷം ബ്രോയിലർ




കോഴികളെ തിരിച്ചെടുത്ത് ജീവനോടെയും അല്ലാതെ പ്രോസസ് ചെയ്ത് 'ഫ്രോസൺ' ആയും മാർക്കറ്റിൽ എത്തിക്കുക. ഇതാണ് കേരള ചിക്കൻ പദ്ധതി പ്രവർത്തനം.

ഇതിനായി കേരളത്തിലുടനീളമുള്ള കർഷകരെ കോർത്തിണക്കി ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ചു. 1100 പേർ ഇത്തരം സംരംഭം തുടങ്ങാൻ സന്നദ്ധരായി ഇതുവരെ മുന്നോട്ടു വന്നു കഴിഞ്ഞു. നിലവിൽ KEPCO (കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്), MPI (മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ) എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് 150 ഓളം ഫാമുകളിലായി 1.50 ലക്ഷത്തോളം കോഴിക്കുഞ്ഞുങ്ങളെ വളർത്താൻ തുടങ്ങിക്കഴിഞ്ഞു.

ഇനി കോഴിക്കോട്ടും തിരുവനന്തപുരത്തും പാലക്കാട്ടും സ്വന്തമായ ബ്രീഡർ ഫാമും ഹാച്ചറികളും പ്രോസസിങ് പ്ലാന്റും സ്ഥാപിക്കാനുള്ള നടപടിയിലാണ്. ആറ് മാസം കഴിഞ്ഞ് ഇവ കൂടി പൂർത്തിയായാൽ 1100 കർഷകർക്കും 1000 കോഴിയിലധികം വളർത്തി മികച്ച വിശ്വാസ്യതയോടെ മാർക്കറ്റിലെത്തിക്കാനും മികച്ച വരുമാന മാർഗ്ഗം നേടിയെടുക്കാനും സാധിക്കും.

മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടു കൂടി ചെയ്യുന്ന ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ കേരളത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ സുപ്രധാനമായ നേട്ടം കൈവരിക്കാൻ സാധിക്കുമെന്ന പ്രതീക്ഷയിലാണ് ഞങ്ങൾ.